# ആമുഖം

മണ്ണാർക്കാട് വിദ്യാഭ്യാസജില്ലയിൽ ചെർപ്പുളശ്ശേരി സബ്ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ 33-ാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1900-ൽ വെട്ടത്ത് തറവാട്ടിലെ കുട്ടികൾക്കായി വേലു എഴുത്തച്ഛൻ തുടങ്ങിയ പള്ളിക്കൂടം ജാതിമത വർഗ്ഗ വ്യത്യാസങ്ങൾ മറികടന്ന് ഗ്രാമീണർക്കാകെ പ്രതീക്ഷയേകി 1905 ഓടെ സ്കൂളായി രൂപപ്പെടുത്തി. അധ്യാപകരെ വീട്ടിൽ വരുത്തി വിദ്യ അഭ്യസിപ്പിക്കാൻ കഴിഞ്ഞിരുന്നത് അക്കാലത്ത് ജന്മിമാർക്ക് മാത്രമായിരുന്നു. അത്തരമൊരു കാലഘട്ടത്തിലാണ് വടക്കുംമുറി എ എൽ പി സ്കൂൾ ആരംഭിക്കുന്നത് എന്ന് അറിയുമ്പോൾ തന്നെ അതിന്റെ പ്രസക്തി വ്യക്തമാകും.

പ്രീപ്രൈമറി മുതൽ നാലാംക്ലാസ്സ് വരെയുള്ള ക്ലാസുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഉച്ചഭക്ഷണം വിഭവസമൃദ്ധമായി മെച്ചപ്പെട്ട രീതിയിൽ വിദ്യാലയത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ആഴ്ചയിൽ രണ്ടു

തവണ പാൽ ഒരു ദിവസം മുട്ട എന്നിവയും നൽകി വരുന്നു. അക്കാദമിക രംഗത്തും കലാകായിക പ്രവൃത്തിപരിചയ മേഖലകളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിൽ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു.

പൊതുസമൂഹത്തിന്റെയും അധ്യാപകരക്ഷാകർത്താക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും കൂട്ടായ്മയും ഇച്ഛാശക്തിയും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന കാര്യത്തിൽ സംശയമില്ല.

ലക്ഷ്യങ്ങൾ :-

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും, നൈപുണികളും, ശേഷികളും, മനോഭാവങ്ങളും, മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമാക്കി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചു കൊണ്ടാണ് പൊതുവിദ്യാഭ്യാസയജ്ഞം

Scanned with OKEN Scanner

പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക. നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക, തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ശിശുകേന്ദ്രീകൃതമായ പഠനമാണ് ക്ലാസ്റൂമിൽ നടക്കേണ്ടത് വിദ്യാഭ്യാസ അവകാശനിയമം (2009) മുന്നോട്ടുവെക്കുന്ന ആശയങ്ങളിൽ ഊന്നിയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

- ഒന്നു മുതൽ നാലുവരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവനുസരിച്ച് നേടിയിട്ടുണ്ട്.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കാം.
- ഐ സിടി അധിഷ്ഠിതമായ പഠനത്തിനാവശ്യമായ അക്കാദമിക സൗകര്യങ്ങളും ഭൗതികസൗകര്യങ്ങളും ഉറപ്പാക്കാം.
- കലാകായിക പ്രവൃത്തിപരിചയ മേളകളിൽ മികവ് ഉറപ്പുവരുത്തു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ കം |
|---|---|---|---|---|
| മലയാള ഭാഷാ ശേഷി വികസനം | - ഓരോ ക്ലാസിലെയും കുട്ടികളുടെ നിലവാരം കണ്ടെത്തുന്നതിനുള്ള പ്രീടെസ്റ്റുകൾ നടത്തി കുട്ടികളെ നിലവാരത്തിനനുസരിച്ച് തരംതിരിക്കുന്നു<br>- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവധി ദിനങ്ങളിൽ പ്രത്യേകമായി ഓരോ അധ്യാപകരും നിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങളും പ്രോത്സാഹനങ്ങളും പ്രവർത്തനങ്ങളും "മുന്നേറ്റം" എന്ന പേരിൽ നടത്തുന്നു.<br>- കുട്ടികളിൽ വരുന്ന നിലവാരമാറ്റങ്ങൾക്കനുസരിച്ച് കൂടിയ തോതിൽ പ്രവർത്തനങ്ങൾ നൽകുന്നു.<br>- ബാലസമാജം, അസംബ്ലി, എന്നിവയിൽ മലയാള കവിതകൾ, പ്രസംഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തുന്നു.<br>- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ രചനകൾ കുട്ടികൾ നടത്തുന്നു. | | | |

Scanned with OKEN Scanner

Scanned with OKEN Scanner

- ഓരോ ക്ലാസ്സിലേക്കും അനുയോജ്യമായതും തുടർവായനക്ക് ഉതകുന്നതുമായ പുസ്തകങ്ങൾ നൽകുന്നു.
- ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികളുടെ പേരുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിനുകളും പതിപ്പുകളും പുറത്തിറക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാഹിത്യകാരന്മാരുമായി അഭിമുഖങ്ങൾ നടത്തുന്നു.
- കുട്ടികളുടെ കവിയരങ്ങ് നടത്തുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പഠന- പരിപോഷ- -ണം. | - കുട്ടികളുടെ പഠന നിലകണ്ടെത്തൽ | ജൂൺ ~~[illegible]~~ | | |
| | - ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം നടത്തുന്നു. | ആദ്യവാരം | | |
| | - സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ | | | |
| | - ഇംഗ്ലീഷ് വായനാമൂല | | | |
| | - പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ | ഒക്ടോബർ മുതൽ മാർച്ച് | | |
| | - ഇംഗ്ലീഷ് ബാലസഭ | | | |
| | - ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കാൻ വർഷത്തിൽ ഒരിക്കൽ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കൽ. | മാർച്ച് | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ലൈബ്രറി വിപുലീകരണം | - ഒന്നുമുതൽ നാലുവരെ ക്ലാസുകളിലേക്ക് ഉപയോഗപ്രദമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. | ജൂൺ | SRG, PTA | |
| | - സാമൂഹിക പങ്കാളിത്തത്തോടെ 100-ൽ അധികം പുസ്തകങ്ങളുടെ ശേഖരണവും വാങ്ങലും | ജൂൺ മുതൽ ആഗസ്റ്റ് | PTA | |
| | - ഓരോ ക്ലാസുകളിലേക്കും യോജിച്ച പുസ്തകങ്ങളുടെ തരംതിരിക്കൽ | സെപ്തംബർ | class Teacher | |
| | - ക്ലാസ് മുറികളിൽ പുസ്തകങ്ങളുടെ സൂക്ഷിപ്പിനായി അലമാര ഒരുക്കുന്നു. | സെപ്തംബർ | | |
| | - കുട്ടികൾ പിറന്നാൾ സമ്മാനമായി ഒരു പുസ്തകം നൽകുന്നു. | | class Teacher | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് | - പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്ക് വിജ്ഞാനമേഖലയുമായി ബന്ധപ്പെട്ട് ഓരോ ദിവസവും അഞ്ച് ചോദ്യങ്ങൾ നൽകി 20 ചോദ്യങ്ങൾ ആകുമ്പോൾ മത്സരം നടത്തുകയും പിന്നീട് 50, 100 ചോദ്യങ്ങൾ ഒന്നിച്ചും മത്സരം നടത്തി സമ്മാനങ്ങൾ നൽകുന്നു. വർഷാവസാനം ഒന്നിച്ച് മെഗാ ക്വിസ് മത്സരം നടത്തി വിജയിക്ക് സ്കൂൾ വാർഷിക പരിപാടിയിൽ വച്ച് സമ്മാനം വിശിഷ്ടാതിഥി നൽകുന്നു.<br>- ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ നടത്തുന്നു.<br>- പതിപ്പുകൾ, ചുമർ പത്രികകൾ എന്നിവ തയ്യാറാക്കുന്നു.<br>- ആനുകാലിക സംഭവങ്ങളുടെ പത്രകട്ടിംങ്ങുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കൗതുകം, വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നതിന്. | - ഓരോ ക്ലാസിലേക്കും പഠനയാത്ര ആവശ്യമായ സ്ഥലങ്ങൾ ഏതെല്ലാം ആണെന്ന് കണ്ടെത്തുന്നു.<br>- പാർക്ക്, നെയ്ത്ത് ശാലകൾ, കരകൗശല ശാലകൾ എന്നിവ തിരഞ്ഞെടുക്കുന്നു.<br>- പഠനയാത്രയെ കുറിച്ച് കുട്ടികൾക്ക് ആവശ്യമായ വിശദീകരണം നൽകുന്നു.<br>- പഠനയാത്രാ മുന്നൊരുക്കങ്ങൾ നടത്തുന്നു.<br>- യാത്രയ്ക്കു ശേഷം വിലയിരുത്തലുകൾ നടത്തുന്നു.<br>- യാത്രാക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂലൈ<br>ആഗസ്റ്റ് | SRG<br>ക്ലാസ് അധ്യാപകർ. | കുട്ടികളിൽ നിന്ന്<br>PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി… |
|---|---|---|---|---|
| ദിനാചരണങ്ങൾ കുട്ടികളിൽ ശാസ്ത്ര-സാങ്കേതിക-സാംസ്കാരിക രംഗത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന്. | - ഓരോ അധ്യയന വർഷത്തിലും നടത്താൻ ഉദ്ദേശിക്കുന്ന ദിനാചരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>- ഓരോ ദിനാചരണങ്ങളിലും നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന സ്കൂൾ കലണ്ടർ തയ്യാറാക്കുന്നു.<br>- കുട്ടികൾക്ക് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് നടത്തുന്നു.<br>- ഓരോ ദിനാചരണവുമായി ബന്ധമുള്ള മഹാൻമാരുടെ ആൽബവും, പതിപ്പും തയ്യാറാക്കുന്നു.<br>- സ്വാതന്ത്ര്യ സമര സംഭവങ്ങളുമായി ബന്ധമുള്ള സിനിമകളുടെ സിഡി പ്രദർശനം<br>- ദിനാചരണവുമായി ബന്ധമുള്ള വ്യക്തികളുടെ സിഡി പ്രദർശനവും വിശകലനവും.<br>- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യക്തിഗത പിന്തുണ വീട്ടിലും വിദ്യാലയത്തിലും ഉറപ്പുവരുത്തുന്നതിനായി ക്ലാസ് പിടിഎ സജീവമാക്കൽ. | - കുട്ടികൾക്ക് വ്യക്തിഗത പിന്തുണ വീട്ടിലും വിദ്യാലയത്തിലും ഉറപ്പുവരുത്തുന്നതിനായി ക്ലാസ് പിടിഎ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>- എല്ലാ മാസാവസാനത്തിലും ക്ലാസ് പിടിഎ സംഘടിപ്പിക്കുന്നു.<br>- പിടിഎ കളിൽ എല്ലാ കുട്ടികൾക്കും മികവ് പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നു.<br>- കുട്ടികളുടെ അക്കാദമിക മികവുകളും കുറവുകളും രക്ഷിതാക്കളെ ബോധ്യപ്പെടുത്തി ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകുന്നു.<br>- കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട് വിദ്യാലയത്തിലും വീട്ടിലും ഉണ്ടാവുന്ന പ്രശ്നങ്ങൾ അധ്യാപകരും രക്ഷിതാക്കളും പരസ്പരം ചർച്ച ചെയ്യുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| വായനാ പരിപോഷണം. | - കുട്ടികളുടെ വായനാനിലവാരം കണ്ടെത്തുന്നു. | ജൂൺ | ക്ലാസ് അധ്യാപകർ | |
| | - വ്യത്യസ്ത നിലവാരക്കാരായ കുട്ടികൾക്ക് നിലവാരത്തിന് യോജിച്ച വായനാസാമഗ്രികൾ തരംതിരിക്കുന്നു. | | " | |
| | - അസംബ്ലികളിൽ കുട്ടികൾ കഥ, കവിത എന്നിവ പരിചയപ്പെടുത്തുന്നു. | | " | |
| | - കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ ആസ്വാദനകുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. | | " | |
| | - ബാലസാഹിത്യകൃതികളുടെ തുടക്കം ആകാംക്ഷ നിറഞ്ഞ രീതിയിൽ അവതരിപ്പിച്ച് കുട്ടികളിൽ താല്പര്യം വർദ്ധിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് | - ശാസ്ത്ര പഠനത്തിന് സഹായകമായ സാമഗ്രികൾ ശേഖരിക്കലും, ആവശ്യമായവ വാങ്ങലും തരം തിരിക്കലും. | ജൂലായ് 15 നു മുമ്പ് | SRG | |
| | - ശാസ്ത്രമൂല ക്രമീകരിക്കൽ. | ജൂലായ് അവസാനവാരം | | |
| | - ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ. | ആഗസ്റ്റ് | | |
| | - ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തലും ചിത്രങ്ങൾ ശേഖരിക്കലും. | | | |
| | - ക്ലാസ് നിലവാരത്തിന് യോജിച്ച ശാസ്ത്ര-സാഹിത്യ പുസ്തകങ്ങൾ വാങ്ങൽ. | | | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭാ പോഷണ പരിപാടി. വിദ്യാർത്ഥികളിൽ അച്ചടക്കവും നേതൃപാടവവും വളർത്തുന്നതിന്. | - ആഴ്ചയിൽ 3 ദിവസം സ്കൂൾ അസംബ്ലി കുട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.<br>- അസംബ്ലിയിൽ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രസംഗങ്ങൾ, മറ്റു രചനകൾ അവതരിപ്പിക്കൽ.<br>- ബാലസമാജം വ്യത്യസ്തമായ രീതിയിൽ നടത്തുന്നു. | അധ്യയന വർഷാരംഭം മുതൽ<br>പ്രത്യേക ദിനാചരണങ്ങളിൽ | HM/ SRG | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാടകകളരി<br>കുട്ടികളിലുള്ള അഭിനയ ശേഷി കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ. | - പാഠഭാഗങ്ങളിലുള്ള അഭിനയവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>- നാടകവുമായി ബന്ധമുള്ള വിദഗ്ദ്ധരുൾപ്പെട്ട പരിശീലനക്യാമ്പ് നടത്തുന്നു.<br>- ബാലസമാജം, പിടിഎ, സ്കൂൾ വാർഷികം തുടങ്ങിയവയിൽ കുട്ടികളുടെ നാടകം അവതരിപ്പിക്കുന്നു. | ജൂൺ മുതൽ | ക്ലാസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ചിത്രരചനാ ശില്പശാല<br>കുട്ടികളിലെ കലാപരമായ കഴിവ് വളർത്തുന്നതിന്. | - ചിത്രരചനയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>- കുട്ടികളിൽ താൽപര്യം ജനിപ്പിക്കാൻ ചിത്രകാരൻമാരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.<br>- മാസത്തിലൊരിക്കൽ ചിത്രരചനാ ക്യാമ്പ് സംഘടിപ്പിക്കുന്നു.<br>- കുട്ടികൾ വരയ്ക്കുന്ന ചിത്രങ്ങൾ പിടിഎ യിൽ പ്രദർശിപ്പിക്കുന്നു.<br>- പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. | ജൂൺ മുതൽ | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഒന്നു മുതൽ നാല് വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഗണിതപഠനം ഫലപ്രദമായി നടക്കുന്നതിനു വേണ്ടി ഓരോ ക്ലാസിലും ഗണിതമൂല ഉറപ്പാക്കൽ. | - ഓരോ ക്ലാസിലെയും ഗണിതമൂലയിൽ ഉണ്ടായിരിക്കേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. | ജൂൺ | ക്ലാസ് ടീച്ചർ | |
| | - തയ്യാറാക്കിയ ലിസ്റ്റിനനുസരിച്ച് നിർമ്മിക്കേണ്ടവ, വാങ്ങേണ്ടവ, ശേഖരിക്കേണ്ടവ, ക്ലാസിൽ സൃഷ്ടിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കൽ. | | | |
| | - സാമഗ്രികൾ വാങ്ങൽ. | | | |
| | - ഗണിതമൂല ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം സൗന്ദര്യമായ ക്രമീകരണം. | ആഗസ്റ്റ് | | |
| | - സാമഗ്രികൾ ഏത് പാഠങ്ങൾക്ക് ഉപയോഗിക്കാം എന്ന ലിസ്റ്റ് തയ്യാറാക്കൽ. | ജൂൺ | | |
| | - ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണ മത്സരം. | ആഗസ്റ്റ് | | |
| | - ഗണിത ശാസ്ത്രജ്ഞന്മാരെ കുറിച്ചുള്ള പതിപ്പ് തയ്യാറാക്കൽ, പ്രകാശനം ചെയ്യുന്നു. | ഒക്ടോബർ | | |
| | - പ്രതിദിനം ഓരോ ക്ലാസിനും യോജിച്ച മനക്കണക്കുകൾ നൽകൽ. | ജൂൺ മുതൽ | | |
| | - ഓരോ ക്ലാസിലെയും നിലവാരത്തിനനുസരിച്ച് വർക്ക്ഷീറ്റുകൾ നൽകൽ. | ജൂലായ് | | |

Scanned with OKEN Scanner

| ലക്ഷ്യം | [illegible] പ്രവർത്തനം | കാലം | ചുമതല | ന |
|---|---|---|---|---|
| പൊതു പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള ആത്മവിശ്വാസവും കഴിവും വർദ്ധിപ്പിക്കുന്നതിന്. | - LSS പരിശീലന ക്ലാസ്സുകൾ പ്രത്യേകം സംഘടിപ്പിക്കുന്നു.<br>- യുറീക്ക പോലുള്ള ദ്വൈവാരികകളും മറ്റ് വിജ്ഞാന പുസ്തകങ്ങളും വായിക്കുന്നതിനുള്ള അവസരവും പ്രോത്സാഹനവും നൽകുന്നു.<br>- എല്ലാ മാസവും വിജ്ഞാന പരീക്ഷകൾ നടത്തുന്നു. | ഡിസംബർ ആദ്യവാരം | 4-ാം ക്ലാസ് ടീച്ചർ | |

- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കാം.
- ലഘു പഠനയാത്രകൾ ശില്പശാലകൾ, സെമിനാർ, പ്രൊജക്റ്റുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.
- മാലിന്യ നിർമ്മാർജ്ജന ഒരു സംസ്കാരമായി രൂപപ്പെടുത്തുക.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തുക.

അവസ്ഥാ വിശകലനം :-

കുട്ടികളുടെ അഡ്മിഷനിലുണ്ടാകുന്ന കുറവ്, ഭൗതികസാഹചര്യങ്ങളുടെ കുറവ്, അൺഎയ്ഡഡ് വിദ്യാലയങ്ങളുടെ വ്യാപനം എന്നിങ്ങനെ പൊതുവിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.